പാഠം 4

<u>വിശ്വം ദീപമയം</u>

**ആമുഖം:** ശുഭപ്രതീക്ഷയോടെ ജീവിതത്തെ നോക്കിക്കാണണമെന്ന് നമ്മളോട് ആഹ്വാനം ചെയ്യുന്ന ഉള്ളൂരിന്റെ കവിതയാണ് 'വിശ്വം ദീപമയം'.

<u>ചോദ്യോത്തരങ്ങൾ</u>

1. **"അതായിരിക്കാം പൊരുളാപ്രവർത്തി-**
   **ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ" – മർത്ത്യന്റെ ഹിതം അറിഞ്ഞ് ദൈവം ചെയ്തത് എന്ത്??**

ഉ: മനുഷ്യൻ അധ്വാനിക്കുന്നത് പകൽ സമയത്താണ്. നല്ല വെളിച്ചമുണ്ടെങ്കിൽ മാത്രമേ മനുഷ്യന് അവന്റെ ജോലി നല്ല പോലെ ചെയ്തു തീർക്കാൻ കഴിയുകയുള്ളൂ. എന്നാൽ, രാത്രിസമയം ജോലി ചെയ്തു ക്ഷീണിച്ച മനുഷ്യന് വിശ്രമിക്കാനുള്ളതാണ്. അപ്പോൾ അല്പം വെളിച്ചം മതി. ഇത് മനസ്സിലാക്കിയിട്ടായിരിക്കണം ദൈവം രാത്രിയെയും പകലിനെയും രണ്ടായി വേർതിരിച്ചിട്ടുള്ളത്. മനുഷ്യന്റെ ഇഷ്ടം മനസ്സിലാക്കിയിട്ടുള്ള ദൈവത്തിന്റെ പ്രവൃത്തിയാണിതെന്ന് ഉള്ളൂർ പറയുന്നു.

2. **"ദീനത്വമെന്തിനു നമുക്കു മാത്രം**
   **തീക്കോലുരയ്ക്കാൻ? തിരിയിൽക്കൊളുത്താൻ?"– ഈ വരികളിലൂടെ കവി ഉദ്ദേശിക്കുന്നതെന്ത്?**

ഉ: സന്ധ്യയായാൽ ഇത്തിരി വെട്ടവുമായി വെളിച്ചം വിതറാൻ മിന്നാമിനുങ്ങ് പോലും ഉത്സാഹത്തോടെയാണ് നിൽക്കുന്നത്. എന്നാൽ മനുഷ്യരാകട്ടെ വെളിച്ചം ഇല്ലാതാകുമ്പോൾ ഇരുട്ടിനെ പഴിച്ചുതുടങ്ങും. തീപ്പെട്ടിക്കോലുരച്ച് വിളക്കു കൊളുത്താൻ മനുഷ്യനു മാത്രം എന്താണു വിഷമം എന്ന് കവി ചോദിക്കുന്നു. മിന്നാമിനുങ്ങിനെ പോലെ തന്റെ കഴിവുകളനുസരിച്ച് ലോകത്തിന് നന്മ ചെയ്യാൻ മനുഷ്യൻ ശ്രമിക്കണം എന്നാണ് ഈ വരികളിലൂടെ കവി ഉദ്ദേശിക്കുന്നത്.

3. **"മനസ്സിൽ നൈരാശ്യമെഴുന്നവന്നു**
   **മധ്യാ□ വും പ്രത്യഹമർധരാത്രം**
   **ശുഭം പ്രതീക്ഷിപ്പവനേതു രാവും**
   **സൂര്യാംശു ദീപ്തം പകൽപോലെ തന്നെ"– ആശയം വ്യക്തമാക്കുക**

ഉ: ഏറ്റവും കൂടുതൽ വെളിച്ചമുള്ള സമയമാണ് നട്ടുച്ച. മനസ്സു നിറയെ നിരാശ ഉള്ളവർക്ക് ആ സമയം പോലും അർധരാത്രി പോലെ അനുഭവപ്പെടാറുണ്ട്. എന്നാൽ, ശുഭാപ്തി വിശ്വാസികളായവർക്ക് രാത്രിസമയം പോലും സൂര്യപ്രകാശത്താൽ തിളങ്ങുന്ന പകൽ പോലെയാണ് അനുഭവപ്പെടുന്നത്. ആത്മവിശ്വാസത്തോട് കൂടി ജീവിതത്തെ

സമീപിക്കുന്നവർക്ക് മാത്രമേ ജീവിതവിജയം നേടാൻ കഴിയൂ എന്നാണ് ഉള്ളൂർ നമ്മെ ഈ വരികളിലൂടെ ഓർമ്മിപ്പിക്കുന്നത്.

* * * *